**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് – 2014 മുതൽ വിവിധ ക്ഷേമ നിധി ബോർഡുകളിൽ നൽകാനുള്ള കുടിശ്ശികയും 2017 ആഗസ്റ്റ് വരെയുള്ള പെൻഷൻ വിതരണത്തിനുമുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

## ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്

സ ഉ (സാധ) നം.6202/2017/ധന തിരുവനന്തപുരം തിയതി 04.08.2017

പരാമർശം :-1. സ ഉ ( പി ) 384/2014/ധന തിയതി 05/09/2014

2. സ ഉ ( എം എസ്) 437/2016/ധന തിയതി 08/11/2016
3. സ ഉ (എം എസ് ) 34/2017/ധന തിയതി 21/01/2017
4. സ ഉ (എം എസ് ) 67/2017/ധന തിയതി 06/02/2017
5. . സ ഉ (എം എസ് ) 204/2017/ധന തിയതി 23/03/2017

## ഉത്തരവ്

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് 2017 ജനുവരി മുതൽ ആഗസ്റ്റ് വരെ പെൻഷൻ നൽകുന്നതിനായി 422.2735 കോടി രൂപ ആവശ്യമാണ് . ജൂൺ 2016 മുതൽ ഡിസംബർ 2016 വരെയുള്ള കുടിശ്ശിക നൽകുന്നതിനായി 3.17 കോടി രൂപയാണ് ആവശ്യം . കൂടാതെ ജൂൺ 2016 മുൻപുള്ള കുടിശ്ശിക ( അതായത് 2014 ആഗസ്റ്റ് മുതൽ 2016 മെയ് വരെയുള്ളത് ) നൽകുന്നതിനായി 0.484 കോടി രൂപയും ആവശ്യമായി വരുന്നു. . കുടിശ്ശിക ഉൾപ്പെടെ 2017 ആഗസ്റ്റ് വരെയുള്ള പെൻഷൻ നൽകുന്നതിന് 425.93 കോടി രൂപ ആവശ്യമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ക്ഷേമ നിധി ബോർഡുകളിലെ പെൻഷനും 2014 ആഗസ്റ്റ് മുതലുള്ള കുടിശ്ശികയും വിതരണം ചെയ്യുന്നതിന് 425.93 കോടി രൂപ ( നാന്നൂറ്റി ഇരുപത്തി അഞ്ച് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷം രൂപ) അനുവദിച്ച് ഉത്തരവാകുന്നു. ഒരോ ബോർഡുകൾക്കും നൽകേണ്ട തുകയുടെ വിശദവിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾ ഗ്രാന്റിനായി ബന്ധപ്പെട്ട ഭരണ വകുപ്പിൽ നേരിട്ട് നിർദേശം സമർപ്പിക്കേണ്ടതും ഭരണ വകുപ്പ് ആയത് ധനകാര്യ (ബഡ്ജറ്റ്) വകുപ്പിൽ സമർപ്പിക്കേണ്ടതുമാണ്.

4. ക്ഷേമനിധി ബോർഡ് പെൻഷൻ ആധാർ നമ്പർ സീഡ് ചെയ്തവർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

5. ബജറ്റ് വിഹിതം തികയാത്ത സാഹചര്യത്തിൽ അധിക ധനാനുമതിക്കായി ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകൾ ഭരണവകുപ്പ് വഴി നേരിട്ട് ധനകാര്യ ബജറ്റ് വിഭാഗത്തിൽ ബന്ധപ്പെടേണ്ടതാണ്.

6. പെൻഷൻ വിതരണത്തിനാവിശ്യമായ ഫണ്ട് 2017 ആഗസ്റ്റ് മാസം 11,14 തിയതികളിലായി റിലീസ് ചെയ്യണം.

7. തനത് ഫണ്ട് ഉപയോഗിച്ച് മാത്രം പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകൾ 2017 ആഗസ്റ്റ് വരെ പെൻഷൻ വിതരണം നടത്തേണ്ടതാണ് .

8. . ആധാർ നമ്പർ സീഡ് ചെയ്ത ഗുണഭോക്താക്കൾക്ക് പെൻഷൻ നല്കുന്നതിനാവശ്യമായ തുക മാത്രമേ അലോട്മെന്റായി ആവശ്യപ്പെടാവൂ. യാതൊരു കാരണവശാലും ആവശ്യത്തിലധികം അലോട്ട്മെന്റ് വാങ്ങാൻ പാടില്ലാത്തതാണ്. അങ്ങനെ വാങ്ങുന്ന പക്ഷം അത് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

9. ഈ ഫണ്ട് പിൻവലിക്കൽ എല്ലാ വിധ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ ഐ എ എസ്
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പാൾ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.
തൊഴിലും നൈപുണ്യവും വകുപ്പ് , കൃഷി, നികുതി , വ്യവസായ വകുപ്പുകൾക്ക്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Details regarding pension commitment under various Welfare Fund Boards/Departments as on 31.08.2017**

| Sl.No | Name of Board/Dept. | 2014 | 2015 | From 01/16 to 05/2016 | From 06/16 to 12/16 | 2017 January | 2017 February | 2017 March | 2017April | 2017 May | 2017 June | 07/17 | 08/17 | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Agricultrue | 0 | 0 | | 0 | | | | | | | | | |
| 2 | Unorganized Labour | | | | | 30.153 | 30.153 | 30.153 | 30.153 | 30.153 | 30.153 | 30.153 | 30.153 | 241.224 |
| 3 | Kerala Beedi & Sigar | | | | | 3.733 | | | 4.106 | | | | | 7.839 |
| 4 | Coir | | | | 0.02 | 0.02 | | | 0.36 | 0.36 | 0.36 | 0.36 | 0.36 | 1.84 |
| 5 | cashew | 0.003 | 0.011 | 0.03 | 2.93 | 1.33 | 0.87 | 0.87 | 7.01 | 7.01 | 7.01 | 7.01 | 7.01 | 41.094 |
| 6 | Dairy Farmers | | | | | | | | 6.96 | 6.96 | 6.96 | 6.96 | 6.96 | 34.8 |
| 7 | Fisherman Board | | | | | 3.86 | 3.86 | 3.86 | 3.86 | 3.86 | 3.86 | 3.86 | 3.86 | 30.88 |
| 8 | Handloom | | | | | | | | 5.73 | 5.73 | 5.73 | 5.73 | 5.73 | 28.65 |
| 9 | Small plantation | | | | | | 0.86 | 1.73 | 2.79 | 3.74 | 4.68 | 5.62 | 6.57 | 25.99 |
| 10 | khadi workers | | | | | | | | 0.32 | 0.32 | 0.32 | 0.32 | 0.32 | 1.6 |
| 11 | Tailoring | | | | | 0.016 | 0.04 | 0.04 | 0.04 | 0.04 | 0.04 | 0.04 | 0.04 | 0.296 |
| 12 | Traders | | | | | | | | 4.86 | 4.86 | 4.86 | 4.86 | 4.86 | 24.3 |
| 13 | Lottery Agents | | | 0.44 | 0.22 | 1.06 | 1.07 | 1.08 | 1.08 | 1.09 | 1.1 | 1.1 | 1.1 | 9.34 |
| 14 | Small plantation | | | | | | | | 0.2375 | 0.2375 | 0.2375 | 0.2375 | 0.2375 | 1.1875 |
| 15 | Bamboo | | | | | | | 0.039 | 0.0857 | | | | | 0.1247 |
| 16 | Barber & Beutician | | | | | 0.21 | 0.74 | 0.74 | 0.84 | 0.84 | 0.84 | 0.84 | 0.84 | 5.89 |
| 17 | Laundry | | | | | | | 0.2655 | 0.4317 | | | | | 0.6972 |
| | | | | | 0.156 | | | | 0.1716 | | | | | 0.3276 |